**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 185** **27-06-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ ഏത് ആരോഗ്യകേന്ദ്രത്തിലാണ് ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സ.ഉ(ആർ.റ്റി) നം. 1555/2021/ആ.കു.വ, തീയതി 26.07.2021 സർക്കാർ ഉത്തരവ് പ്രകാരം 10 കിടക്കകൾ ഉള്ള ഐസൊ ലേഷൻ വാർഡ് നിർമ്മിക്കുന്നതിന് പാല ക്കാട് ജില്ലയിൽ ആലത്തൂർ മണ്ഡലത്തിൽ നിന്നും സി.എച്ച്.സി കുഴൽമന്ദം എന്ന ആരോഗ്യ സ്ഥാപനത്തെയാണ് തിരഞ്ഞെടുത്തിരുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനം ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയ തിനാൽ മണ്ഡലത്തിൽ തന്നെയുള്ള മറ്റൊരു സ്ഥാപനം ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി കണ്ടെത്തുന്ന തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ബി) | സ.ഉ(ആർ.റ്റി) നം. 1555/2021/ആ.കു.വ, തീയതി 26.07.2021 സർക്കാർ ഉത്തരവ് പ്രകാരം 10 കിടക്കകൾ ഉള്ള ഐസൊ ലേഷൻ വാർഡ് നിർമ്മിക്കുന്നതിന് പാല ക്കാട് ജില്ലയിൽ ആലത്തൂർ മണ്ഡലത്തിൽ നിന്നും സി.എച്ച്.സി കുഴൽമന്ദം എന്ന ആരോഗ്യസ്ഥാപനത്തെയാണ് തിരഞ്ഞെ ടുത്തിരുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനം ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്ന തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയ തിനാൽ മണ്ഡലത്തിൽ തന്നെയുള്ള മറ്റൊരു സ്ഥാപനം ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി കണ്ടെത്തുന്ന തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ